# പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.791 — 08.01.2014 ൽ മറുപടിക്ക്

### എൻഡോസൾഫാൻ ഇരകൾക്ക് ആനുകൂല്യം

| | ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ഇരകൾക്ക് ആനുകൂല്യം അനുവദിച്ചവരുടെ ലിസ്റ്റിൽ നിലവിൽ എത്ര പേരാണുള്ളത്; | (എ) | എൻഡോസൾഫാൻ ദുരിതബാധിതപട്ടികയിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ള 4792 പേർക്ക് പ്രതിമാസ പെൻഷൻ, സൗജന്യ ചികിത്സ തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കിവരുന്നുണ്ട്. ഇതിനു പുറമെ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശയുടെയും സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരിത ബാധിതപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 2233 പേർക്കും ദുരിതബാധിതരായി മരണപ്പെട്ട 607 പേരുടെ ബന്ധുക്കൾക്കും പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇരകളാണെങ്കിലും ലിസ്റ്റിൽ ഉൾപ്പെടാത്തവർ നിരവധി യുണ്ടെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | അവരെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാൻ മെഡിക്കൽ ക്യാമ്പ് നടത്തി യിരുന്നോ; എങ്കിൽ എന്ന്; എത്രപേർ ക്യാമ്പിൽ പങ്കെടുത്തു; | (സി) | ദുരിത ബാധിതരെ കണ്ടെത്തുന്നതിനായി 2013 ആഗസ്റ്റ് മാസം 21 മുതൽ 25 വരെ കാസർഗോഡ് ജില്ലയിലെ വിവിധഭാഗങ്ങളിലായി 5 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത മെഡിക്കൽ ക്യാമ്പു കളിൽ ആകെ 5417 പേർ പങ്കെടുത്തിരുന്നു. |
| (ഡി) | ക്യാമ്പിൽ പങ്കെടുത്തവരിൽ നിന്നും എത്രപേരെ കൂടുതലായി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; | (ഡി) യും (ഇ) യും | ദുരിതബാധിതരുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരികയാണ്. |
| (ഇ) | ഇല്ലെങ്കിൽ എത്രയും വേഗം ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ